# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.493** **24.01.2018-ൽ മറുപടിയ്ക്ക്**

## ജി.എസ്.ടി വരുമാനം

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ : | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതോടുകൂടി സംസ്ഥാന ഖജനാവിലേക്ക് നികുതി യിനത്തിൽ എത്ര തുക വരവുണ്ടാ യിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ജി.എസ്.ടി നികുതി വരുമാനം നവംബർ വരെ 5786.21 കോടി രൂപയാണ്. ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി കുറവ് പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രതീക്ഷിച്ചിരുന്ന വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം വെളിപ്പെടു ത്താമോ? | | |

സെക്ഷൻ ഓഫീസർ